# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1812

07/03/2017-ന് മറുപടിക്ക്

## എൽ.ഡി./യു.ഡി.ക്ലാർക്കുമാരുടെ അനുപാതം

**ചോദ്യം**
ശ്രീ.എസ്.ശർമ്മ

**ഉത്തരം**
ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | 16.03.89 ലെ ജി.ഒ(പി)5/89(5/89)/ഉ.ഭ.പ.വ. നം. ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും എൽ.ഡി., യു.ഡി.ക്ലാർക്കുമാരുടെ അനുപാതം ഓഫീസുകളിൽ പ്രത്യേകമായി നിലനിർത്താതെ വകുപ്പ് ഒരു സിംഗിൾ യൂണിറ്റായി കണക്കാക്കി ക്ലാർക്ക് തസ്തിക ഒന്നായിക്കണ്ട് പ്രമോഷൻ ലഭിക്കുമ്പോൾ മറ്റ് ഓഫീസുകളിലേക്ക് ട്രാൻസ്ഫർ ചെയ്യാതെ നിയമനം നടത്തണമെന്ന് ഉത്തരവായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിന്നും യു.ഡി.ക്ലാർക്ക് തസ്തികയിലേക്കുള്ള പ്രൊമോഷൻ സംസ്ഥാന തലത്തിൽ നടത്തുന്ന വകുപ്പുകളിൽ ബന്ധപ്പെട്ട വകുപ്പിനെ ഒറ്റ യൂണിറ്റായി കണക്കാക്കി എൽ.ഡി.ക്ലാർക്ക്, യു.ഡി.ക്ലാർക്ക് തസ്തികകളുടെ അനുപാതം അനുവദിക്കപ്പെട്ട തസ്തികകളുടെ അടിസ്ഥാനത്തിൽ നിലനിർത്തിക്കൊണ്ട് തന്നെ എൽ.ഡി.ക്ലാർക്കുമാരെയും യു.ഡി.ക്ലാർക്കുമാരെയും ഗ്രേഡ് കണക്കിലെടുക്കാതെ ക്ലാർക്ക് തസ്തികയിൽ സ്ഥലം മാറ്റം നടത്താവുന്നതാണെന്നും എൽ.ഡി.ക്ലാർക്ക്, യു.ഡി.ക്ലാർക്ക് തസ്തികകളിലേക്കുള്ള പ്രൊമോഷൻ ജില്ലാ തലത്തിൽ നടത്തുന്ന വകുപ്പുകളിൽ എൽ.ഡി.ക്ലാർക്ക്, യു.ഡി.ക്ലാർക്ക് തസ്തികകളുടെ അനുപാതം നിശ്ചയിക്കുന്നതിനായി ജില്ലയെ ഒറ്റ യൂണിറ്റായി കണക്കാക്കുന്നതാണെന്നും 16.03.1989 ലെ G.O(P)No.5/89/P&ARD പ്രകാരം ഉത്തരവായിട്ടുണ്ട്. എല്ലാ വകുപ്പുകൾക്കും പ്രസ്തുത ഉത്തരവ് ബാധകമാണ്. |
| (ബി) | 19.03.1989 ലെ ഈ ഉത്തരവ് റവന്യൂ സിവിൽ സപ്ലൈസ്, ട്രഷറി, ടാക്സസ് തുടങ്ങിയ പ്രധാനപ്പെട്ട വകുപ്പുകളിൽ നാളിതുവരെ നടപ്പിലാക്കിയിട്ടില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ? | (ബി) യും (സി) യും | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | എങ്കിൽ പ്രസ്തുത ഉത്തരവിൽ നിഷ്കർഷിക്കുന്ന കാര്യങ്ങൾ സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും നടപ്പിലാക്കുന്നതിന് വീണ്ടും നിർദ്ദേശം കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ